

**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**02 AUGUST 2019**
**30 DHUL-QADDAH 1440 AH**

# DAWAT-I-ALLAH – INVITATION TO ALLAH (PART 4)
# അല്ലാഹുവിലേക്കുള്ള ക്ഷണം (ഭാഗം 4)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാതിഹ ഓതിയ ശേഷം **അല്ലാഹുവിലേക്കുള്ള ക്ഷണം** എന്ന വിഷയത്തെ ആസ്പദമാക്കി (നാലാം ഭാഗം) വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

## WHO IS A DAI-I-ALLAH ?
## ആരാണ് ദൈവത്തിലേക്കു ക്ഷണിക്കുന്നവർ

അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കുവാൻ വാഗ്ദാനം ചെയ്തിട്ടുള്ള ഒരു വ്യക്തിയാണ് ദാഈ അല്ലാഹ്! പ്രസ്തുത വാഗ്ദാനം ചെയ്തിട്ടുള്ള വ്യക്തി, പ്രസ്തുത തീരുമാനത്തിൽ, അവൻ ദൃഢമായി നിലകൊള്ളുന്നതാണ്. എല്ലാ സമയവും അവനത് വിശ്വസ്തപൂർവ്വം നിറവേറ്റുന്നതുമാണ്. അവന്റെ ജീവിതത്തിലുടെ നീളം! അവസാന നിശ്വാസം വരെയും അവനൊരു ദാഈ അല്ലാഹ് ആയി നിലനില്ക്കുന്നതാണ്. ഇത്തരത്തിലുള്ള ദാഈ അല്ലാഹ്മാരെയാണ് ജമാഅത്തുസ്സഹീഹിൽ ഇസ്ലാം ഉല്പാദിപ്പിക്കുന്നത്. അതുപോലെ തന്നെ നാം ദഅ്വത്തുല്ലാഹ് നടത്തേണ്ടത് വളരെ ബുദ്ധിപൂർവ്വമായിരിക്കേണ്ടതുമാണ്.

## THE TYPES OF INTELLIGENCE NEEDED.
## ബുദ്ധി ആവശ്യമായ ആദർശങ്ങൾ

ബുദ്ധിയുടെ ഗുണത്താൽ, നാം മനസ്സിലാക്കേണ്ടതായ കാര്യം, പ്രഥമമായി നാം ചരിത്രത്തിലേക്ക് ഒരെത്തിനോട്ടം നടത്തേണ്ടതാണ്. ചരിത്രവിവരണങ്ങളിലൂടെ, തീർച്ചയായും നാമൊരു നിഗമനത്തിൽ എത്തിച്ചേരുന്നതാണ്. ഈ നൂറ്റാണ്ടിലെ എല്ലാ വിപത്തുകളെയും നേരിടുന്നതിന്, നാം നമ്മുടെ സൗഹൃദം മറ്റുള്ളവരുമായി വർദ്ധിപ്പിക്കേണ്ടതാണ്.

ഇതിലൂടെ മാത്രമെ നമ്മുടെ വാക്കുകൾ മറ്റുള്ളവർ അംഗീകരിക്കുകയുള്ളു. (അല്ലാഹുവിലേക്കുള്ള ക്ഷണത്തിന്റെ സന്ദേശം) അപ്രകാരം സൗഹൃദം സ്ഥാപിക്കുന്നില്ലെങ്കിൽ, അവർ ഈ സന്ദേശത്തെ അംഗീകരിക്കുകയില്ല.

രണ്ടാമത്തെ രീതിയിലുള്ള ബൗദ്ധികത അതായത്, ഇതിന്റെ രണ്ടാമത്തെ ഗുണം, അത് പലപ്പോഴും നാമിക്കാര്യം പരിഗണിക്കാറില്ല. അതായത് സമയവും സാഹചര്യവും നോക്കി വേണം നാം സംസാരിക്കേണ്ടത്. സന്ദർഭവും സാഹചര്യവുമനുസരിച്ചാണ് ഓരോ വാക്കിനും വിലയുണ്ടാകുന്നത്. ഒരാൾ തന്റെ ജോലി സംബന്ധമായി വിഷമിച്ചിരിക്കുകയാണെങ്കിൽ-തന്റെ മനസ്സ് മറ്റെന്തെങ്കിലും കാര്യത്തിൽ വ്യാപരിക്കുകയാണെങ്കിൽ-തന്റെ ചിന്ത നഷ്ടമായിരിക്കുകയാണെങ്കിൽ - അത്തരം വ്യക്തിക്ക് ദൈവീക സന്ദേശം എത്തിക്കുവാനുള്ള ശ്രമം വൃഥാവിലുള്ള ഒരു യത്നമായിരിക്കും. പ്രസ്തുത സന്ദേശം അവനിൽ യാതൊരു സ്വാധീനവും ചെലുത്തുകയില്ല-കാരണം സന്ദേശങ്ങൾ നല്കുവാനുള്ള സാഹചര്യം അപ്പോഴില്ല. പ്രസ്തുത വ്യക്തിയുടെ സാഹചര്യം പ്രസ്തുത സന്ദേശം സ്വീകരിക്കുവാൻ അവനെ അപ്പോൾ പ്രാപ്തനാക്കുന്നില്ല. അതുപോലെ നിങ്ങൾ മനസ്സിലാക്കേണ്ട മറ്റൊരു കാര്യമാണ്. ഒരു വ്യക്തി ഈ സന്ദേശത്തിനോട് വെറുപ്പ് പ്രകടിപ്പിക്കുന്നുവെങ്കിൽ, നിങ്ങൾ അദ്ദേഹത്തിന്റെ മുൻപിൽ നല്കുന്ന സന്ദേശം ഒരു നല്ല കാര്യമാണെങ്കിലും, അപ്പോൾ അദ്ദേഹം അതിൽ സന്തോഷവാനാകില്ല. ഇത്തരം സാഹചര്യത്തിൽ നിങ്ങൾ ആരുടെ മുമ്പിൽ ഈ സന്ദേശം സമർപ്പിച്ചാലും അവർ അതിനെ ശ്ലാഘിക്കുകയില്ല. അതുകൊണ്ട് നിങ്ങൾ ഇതു സംബന്ധമായി ചിന്തിക്കുക എപ്പോൾ? എവിടെ? എങ്ങനെ? ഈ സന്ദേശം എത്തിക്കണമെന്ന്! വെറുപ്പ് ഉടലെക്കുന്നിടത്ത് ഈ സന്ദേശം, ദഅ്വത്തുല്ലാഹ് ഒരു പ്രയോജനവും കൊണ്ടു വരുകയില്ല. നാം ചെയ്യുന്ന ഈ ജോലി, വളരെ വേഗം പൊട്ടിത്തകരാവുന്ന ഒരു ജോലിയാകുന്നു. പ്രവാചക പ്രഭു മുഹമ്മദ് മുസ്തഫ(സ) യുടെ മാതൃക നാം സ്വീകരിക്കുന്നതിലൂടെ, നാം മറ്റുള്ളവർക്ക് ഒരു അനുഗ്രഹമായി മാറിയേക്കാം, ഈ ലക്ഷ്യം നേടുന്നതിന്, നാം ബുദ്ധിപരമായി സംസാരിക്കേണ്ടതാണ്, ബുദ്ധിപരമായ വാക്കുകൾ ഉപയോഗിക്കേണ്ടതുമാണ്.

ഈ രീതിയിലുള്ള ബൗദ്ധികതയിൽ, ഒരു ഗുണമുണ്ട്,

അതായത് നാം ദഅ്‌വ ചെയ്യുന്നതിന് മുൻപ് ദഅ്‌വ ചെയ്യപ്പെടുന്ന വ്യക്തിയുടെ വ്യക്തിത്വത്തെകുറിച്ച് നാം അറിഞ്ഞിരിക്കേണ്ടതായിട്ടുണ്ട്. എന്നിട്ട് അദ്ദേഹത്തോട് സംസാരിക്കുക, ഈ രീതിയിലുള്ള ഒരു ബൗദ്ധിക സമീപനം നാം അദ്ദേഹത്തോട് സ്വീകരിക്കേണ്ടതാണ്. സംസാരത്തിലൂടനീളം നല്ല പെരുമാറ്റ രീതിയും നാം സ്വീകരിക്കേണ്ടതുമാണ്. അദ്ദേഹത്തിന്റെ വ്യക്തിത്വത്തെകുറിച്ച് നാം നല്ല നിലയിൽ മനസ്സിലാക്കേണ്ടതാണ്. അദ്ദേഹത്തിന്റെ ചിന്താധാരയെ കുറിച്ചും (വിശ്വാസം, അഭിപ്രായം തുടങ്ങിയവ) നാം അറിഞ്ഞിരിക്കണം. ഏത് വാക്കുകളിലായിരിക്കും അദ്ദേഹത്തിന് എതിർപ്പുണ്ടാകുന്നതെന്നും, ഏതുവാക്കുകളിലാണ് അദ്ദേഹത്തിന് താത്പര്യം ഉണ്ടാവുന്നതെന്നും സംസാരിക്കുമ്പോൾ, വാക്കുകൾക്കനുസൃതമായി, ആശയങ്ങൾ (വിശ്വാസം) അദ്ദേഹം തുറന്നു പറയുവാൻ തയ്യാറാകുന്നതാണ്.

മറ്റൊരു രീതിയിലുള്ള ബൗദ്ധികതയാണ്, നിങ്ങൾ നിങ്ങളിലേക്ക് തന്നെ നോക്കുക, എന്നിട്ട് നിങ്ങൾ സ്വയം വിശകലനം ചെയ്യുക, നിങ്ങളുടെ വ്യക്തിത്വം എങ്ങനെയുള്ളതാണ്? നിങ്ങൾ എവിടെ നില്ക്കുന്നു? നിങ്ങളുടെ ചിന്തകൾ എന്താണ്? ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യം തന്നെയാണ്, ഓരോ മനുഷ്യനും എല്ലാ സാഹചര്യത്തിലും ദഅ്‌വത്തുല്ലാഹ് ചെയ്യുവാൻ സാധിക്കുകയില്ല. ഓരോരുത്തർക്കും അല്ലാഹു(ത) ഓരോ ഗുണം നല്കിയിട്ടുണ്ട്, ഓരോ പ്രത്യേകത നല്കിയിട്ടുണ്ട്, ഓരോ കഴിവ് നല്കിയിട്ടുണ്ട്. പ്രസ്തുത കഴിവ് ഓരോ വ്യക്തിയിലും വിഭിന്നങ്ങളാകുന്നു. നമുക്ക് ഒരാളിൽ ദാഈ അല്ലാഹ് ആകുവാനുള്ള ഒരു ഗുണവും ഇല്ല എന്ന് പറയുവാൻ കഴിയുകയില്ല. അങ്ങനെ പറയുന്നത് ശരിയായ കാര്യവുമല്ല. ഒരു വ്യക്തി മറ്റൊരു വ്യക്തിയെകുറിച്ച്, അവർ ചെയ്തതിന്റെ ഉത്തരവാദിത്വം അവൻ അല്ലാഹുവിന്റെ മുൻപിൽ സമർപ്പിക്കേണ്ടി വരും, എന്നുപറയുന്നതിനേക്കാൾ അനുയോജ്യമായ നിലയിൽ നമുക്ക് കാര്യം അവതരിപ്പിക്കുവാൻ കഴിയും, ഓരോ വ്യക്തിക്കും അവരവരുടേതായ പ്രത്യേകമായ കഴിവുകളുണ്ട്. അതുകൊണ്ട് ഒരാളെകുറിച്ച് എന്തെങ്കിലും പറയുന്നതിനു മുൻപ്, വളരെയധികം ജാഗ്രത കൈക്കൊള്ളുക. ആയതിനാൽ നിങ്ങൾ ഒരാളെക്കുറിച്ച് പറയുമ്പോൾ അവൻ ഒരു വട്ടപ്പൂജ്യമാണ് എന്ന് പറയരുത്, മറിച്ച് നിങ്ങൾ ആ കാര്യത്തിൽ വളരെ ദുർബലനാണ് എന്ന് പറയുകയാണെങ്കിൽ നന്നായിരിക്കും. അതുപോലെ നിങ്ങളിലുള്ള വിശ്വാസം എനിക്ക് നഷ്ടമായിരിക്കുന്നു

എന്നും പറയാതിരിക്കുക. അതിനേക്കാൾ നിങ്ങളിലുള്ള വിശ്വാസം എനിക്ക് ദുർബലമായിരിക്കുന്നു. മറ്റുള്ളവരെ താഴ്ത്തി പറയുന്ന വാക്കുകൾ വളരെ പരുഷമായതു തന്നെയാണ്. ഏതു രൂപത്തിലായാലും ശരി അല്ലാഹു(ത) പരുഷസ്വഭാവത്തെ വെറുക്കുന്നു.

ഓരോ നൂറ്റാണ്ടും വിഭിന്നമാകുന്നു. വിവിധ സമയങ്ങളിൽ/ചരിത്രമുഹൂർത്തങ്ങളിൽ, പുതിയ രീതിയിലുള്ള ബൗദ്ധികത, അത് നമ്മോട് ആവശ്യപ്പെടുന്നു, ബൗദ്ധികമായ ഗുണനിലവാരത്തിന് മാറ്റം ആവശ്യമാകുന്നു. (പ്രസ്തുത മാറ്റം തീർച്ചയായും നമുക്ക് വേണം, അഥവാ അത് നാം ദത്തെടുക്കണം) ഇ കാരണത്താൽ, ഇത്തരം കാലഘട്ടവും നാം ആനന്ദകരമാക്കി തീർക്കണം, പ്രസ്തുത കാലഘട്ടത്തിലെ പ്രയോജനങ്ങൾ, നാം വിളയിച്ചെടുക്കുക തന്നെ ചെയ്യണം. വിവിധ സമയങ്ങളിൽ/ചരിത്രമുഹൂർത്തങ്ങളിൽ, ഭിന്നമായ വാക്കുകളാണ് പ്രയോഗിക്കപ്പെടേണ്ടത്. ഇത്തരം വേളകളിൽ, ഇത്തരം വിവിധങ്ങളായ സാഹചര്യങ്ങളിൽ, ബൗദ്ധിക പ്രയോഗവത്ക്കരണവും, വാക്കുകളുടെ പ്രയോഗവും, നിങ്ങൾ ആഗ്രഹിച്ച, ഇച്ഛിച്ച സ്വാധീനം പ്രസ്തുത വാക്കുകൾക്കുണ്ടാകുന്നതാണ്. ഉദാഹരണത്തിന്, ദുഃഖാവസ്ഥയിൽ, നിങ്ങൾ തികച്ചും ഭിന്നമായ വാക്കുകളും, പ്രയോഗങ്ങളുമാണ് പ്രകടിപ്പിക്കേണ്ടത്. സന്തോഷവേളകളിൽ അതിനു അനുയോജ്യമായ വാക്കുകളാണ് ഉപയോഗിക്കേണ്ടത്. സാഹചര്യം ആവശ്യപ്പെടുന്ന വാക്കുകളും പ്രകടനങ്ങളുമാണ് ഉപയോഗിക്കേണ്ടത്. നിങ്ങൾ അല്ലാഹുവിലേക്കു ക്ഷണിക്കുന്ന വ്യക്തിയുടെ സാഹര്യത്തെ ആശ്രയിച്ചാണ് നിങ്ങൾ അദ്ദേഹവുമായി സംവദിക്കേണ്ടത്. നിങ്ങൾ അദ്ദേഹത്തെ ശരിയായ പാതയിൽ നയിക്കുക. ഇനി ഒരു ഭയാനകമായ സാഹചര്യത്തെയാണ് നേരിടുന്നതെങ്കിൽ, അതിന് അനുയോജ്യമായ വാക്കുകളാണ് ഉപയോഗിക്കേണ്ടത്.

ഇനി, മറ്റൊരു തരത്തിലുള്ള ബുദ്ധിപ്രയോഗം നിങ്ങൾ ദഅ്വത്തുല്ലാഹ് ചെയ്യുന്നതിനായി അനുയോജ്യമായ സ്ഥലം അന്വേഷിച്ചു പോവുക എന്നതാണ്. (അതായത്, അല്ലാഹുവിന്റെ സന്ദേശം സ്വീകരിക്കുവാൻ സാധ്യതയുള്ള ആളുകളുടെ അടുത്തേക്ക് ചില സന്ദർഭങ്ങളിൽ ദാഇൗ അല്ലാഹ് മാർ ചില പ്രത്യേക തരം ആളുകളെ പ്രബോധനം തുടർന്നു കൊണ്ടിരിക്കാറുണ്ട്. എന്നാൽ അവരുടെ പ്രതികരണങ്ങളിലൂടെ, നിങ്ങൾക്ക് ബോധ്യമാകുന്നതാണ്, അവർ വഴക്കാളികളായ ആളുകളാ

ണെന്ന്! അവർ വഴക്കുണ്ടാക്കുകയും, തർക്കിക്കുകയും, അവർ നേർപാതയിലാണെന്ന് ശാഠ്യം പിടിക്കുകയും ചെയ്യുന്നതാണ്. ഇത്തരം ആളുകൾ (നിങ്ങളുടെ ദഅ്വ യ്ക്ക് ശേഷവും അവർ പഴയതിൽ തന്നെ ശാഠ്യം പിടിക്കുകയാണെങ്കിൽ) അല്ലാഹു (ത)യെ ഭയപ്പെടുന്നില്ലെങ്കിൽ, അവരെ വിട്ടേക്കുക. ഇത്തരം ആളുകളോട് നിങ്ങൾ ദഅ്വത്തുല്ലാഹ് ചെയ്യുന്നത് പ്രയോജ നരഹിതമായ കാര്യമാണ്. ഒരു ആപ്ത വാക്യത്തിൽ പറഞ്ഞ തുപോലെ നിങ്ങൾ പച്ചക്കറി വിത്തുകൾ റോഡിൽ വലിച്ചെറി യുന്നവരാണ് ) ഫലഭൂയിഷ്ഠമല്ലാത്ത സ്ഥലത്തു അഥവാ പാറ പ്പുറത്ത് വിത്തിടുന്നതുപോലെയാണ്) അവിടെ ഈ വിത്തു കൾ വളരുകയില്ല. അതിൽ ഒരു ഫലവും ഉണ്ടാകുന്നതുമല്ല. അഥവാ നിങ്ങൾ അതിൽ വിജയിക്കുകയില്ല. ആയതിനാൽ നിങ്ങൾ ആദ്യമായി നോക്കേണ്ടത്, അനുയോജ്യമായ ആളുക ളെയാണ്. നല്ല ഗുണങ്ങൾ അവരിൽ സംരക്ഷിക്കുന്നവരായി രിക്കണം. ഭാവിയിൽ അവർ നിങ്ങളുടെ സഹായികളായി തീര ണം. ഭാവിയിൽ അവർ അല്ലാഹുവിന്റെ വഴിയിൽ നിങ്ങളുടെ സ്നേഹിതരായി തീരണം. അത്തരം ആളുകൾ അവർ സ്വയം അല്ലാഹുവിന്റെ വഴിയിൽ ക്ഷണിക്കുന്നവനായി തീരും. ചില പ്പോൾ അവർ നിങ്ങളേക്കാൾ മെച്ചപ്പെട്ട ദാഈ ഇലല്ലാഹ് മാരായി തീരും. മുൻപ് നിങ്ങളോടൊപ്പം ദഅ്വ ചെയ്തവർ പിന്നീട്, ഒരു പക്ഷേ നിങ്ങളേക്കാൾ നല്ല നിലയിൽ ദ്അവാ ചെയ്യുന്നവരായി തീരുന്നതാണ്.

അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ തോട്ടം സദാവീക്ഷിച്ചു കൊണ്ടിരിക്കണം. ഇതും സത്യത്തിൽ ബൗദ്ധികതയുടെ ഒരു ഭാഗം തന്നെയാണ്. ദഅ്വത്തുല്ലാഹ് രംഗത്ത് നിങ്ങളുടെ ഉത്ത രവാദിത്വത്തിൻ കീഴിലുള്ളവരെ നിങ്ങൾ എങ്ങനെ സംരക്ഷി ക്കുന്നു എന്നതിനെ പറ്റി അറിയുന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യം തന്നെയാണ്. നിങ്ങൾ പ്രസ്തുത സന്ദേശം അവർക്ക് നല്കിയതാണ്. ഒരു പറമ്പിൽ അഥവാ ഒരു കൃഷിത്തോട്ടത്തിൽ അത് ഏറ്റവും നല്ലതായി വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. ഫലദായകമാക്കേണ്ടതാണ് അത്. നിങ്ങളുടെ ഉത്തരവാദിത്വ മാണ്. കളകൾ നീക്കം ചെയ്യുന്നതിനുള്ള യന്ത്രങ്ങൾ കൊണ്ട് വരേണ്ടതാണ്. തോട്ടം നല്ല നിലയിൽ ഉഴുത് ശരിയാ ക്കേണ്ടതാണ്. വളരെയധികം പ്രയാസങ്ങൾക്ക് ശേഷമാണ് നിങ്ങൾ അവിടെ വിത്തുകൾ ഇടേണ്ടത്. എന്നിട്ട് നിങ്ങളുടെ തോട്ടത്തിന് ജലസേചനം ചെയ്യുക. അതിനാൽ, ഒരു കർഷ

കൻ, എന്ന നിലയിൽ ഒരിക്കലും നിങ്ങളുടെ കൃഷിതോട്ടത്തെ നിങ്ങൾ കയ്യൊഴിയരുത്. ഒരു തോട്ടത്തിന്റെ ഉടമ എന്ന നിലയിൽ, ഒരിക്കലും നിങ്ങളുടെ കൃഷിതോട്ടത്തെ നിങ്ങൾ കയ്യൊഴിയരുത്. ഒരു തോട്ടത്തിന്റെ ഉടമ എന്ന നിലയിൽ, നിങ്ങൾ ഒരിക്കലും തോട്ടത്തെ കൈവിടരുത്. (അതായത് ദഅ്‌വത്തുല്ലാഹ് ജോലിയും, നിങ്ങൾ ദഅ്‌വത്തുല്ലാഹ് നടത്തുന്ന ആളുകളെയും നിങ്ങൾ കൈവിടരുത്) നിങ്ങളുടെ കൃഷി നിങ്ങൾ തുടർന്നു കൊണ്ടിരിക്കേണ്ടതാണ്. അതിനെ സംരക്ഷിച്ചു കൊണ്ടിരിക്കേണ്ടതാണ്. അങ്ങനെ ആയാൽ അടുത്തവർഷം (ഭാവിയിൽ) നിങ്ങളുടെ കൃഷിയുടെ ഫലങ്ങൾ നിങ്ങൾക്ക് കൊയ്തെടുക്കുവാൻ സാധിക്കുന്നതാണ്. അത്തരം ഒരു കൊയ്ത്തുകാലം നിങ്ങൾ എപ്പോഴാണ് കൃഷി ചെയ്തുണ്ടാകുന്നത്?

ഉല്പന്നത്തെക്കുറിച്ച് പറയുമ്പോൾ, ഫലങ്ങൾ, ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ തുടങ്ങിയവ. അപ്പോൾ നാം മനസ്സിൽ സൂക്ഷിക്കേണ്ട പ്രധാനപ്പെട്ട ഒരു കാര്യം, ദൈവത്തിലേക്ക് ക്ഷണിക്കുന്ന എല്ലാ രംഗങ്ങളിലും നിങ്ങൾ അർപ്പിക്കുന്ന എല്ലാ പ്രയത്നങ്ങളും, അനുപേക്ഷ്യമായ നിലയിൽ, അല്ലാഹുവിനു വേണ്ടി മാത്രമായിരിക്കണം. ഞാനിത് തുടരെ ആവർത്തിച്ചു കൊണ്ടിരിക്കുന്നതിന്റെ കാരണം, ദഅ്‌വത്തുല്ലാഹ് ജോലി, അല്ലാഹുവിനെ തൃപ്തിപ്പെടുത്തുന്നതിനുവേണ്ടി മാത്രമായിരിക്കണം എന്നതുകൊണ്ടാണ്. അല്ലാഹുവിനെ ആരാധിക്കുന്നതിനു വേണ്ടി ജനങ്ങളെ നയിക്കുക. ഒരേ ഒരു ദൈവത്തെ മാത്രം ആരാധിക്കുക. ഖലീഫത്തുല്ലാഹ്‌യിലേക്കല്ല എന്ന് പ്രത്യേകം അറിയുക. നിങ്ങളുടെ എല്ലാ പ്രവർത്തനങ്ങളും അല്ലാഹുവിനെ തൃപ്തിപ്പെടുത്തുവാൻ വേണ്ടി മാത്രം ആയിരിക്കണം. അല്ലാഹുവിന്റെ ഖലീഫയെ തൃപ്തിപ്പെടുത്തുവാൻ വേണ്ടി ആയിരിക്കരുത്. മറ്റുള്ളവരുടെ തെറ്റുകൾ നിങ്ങൾ ആവർത്തിക്കരുത്. ഈ നൂറ്റാണ്ടിൽ അല്ലാഹു(ത) എന്നെ അവന്റെ ഖലീഫയായി ഉയർത്തിയിരിക്കുന്നത്, ജനങ്ങളെ തിരികെ യഥാർത്ഥ പാതയിൽ, മടക്കിക്കൊണ്ടുവരുവാനാണ്. അല്ലാഹുവിലേക്ക് അവരെ വഴിതിരിച്ചുവിടുവാനായി, എന്നിലേക്കല്ല! അല്ലാഹുവിലുള്ള വിശ്വാസം ഒന്നാം സ്ഥാനത്ത് വരണം! അതിനുശേഷം പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ)യിലുള്ള വിശ്വാസം വരണം. മറ്റെല്ലാത്തിനും ഉപരിയായി അല്ലാഹുവിനെ ആരാധിക്കുവാനും, സമാനതകളില്ലാത്ത അവന്റെ മഹത്വം ജനങ്ങ

ളിൽ അങ്കുരിപ്പിക്കുവാനും ശ്രമിക്കണം. അത് സ്ഥാപിക്കാനായിരിക്കണം നമ്മുടെ പ്രയത്നം. ഈ കാര്യം അവർ നല്ലതുപോലെ ഗ്രഹിക്കണം. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ അംഗങ്ങൾ ദഅ്വ ചെയ്യുന്നവരാണ് എന്ന നാട്യക്കാരാകരുത്. മാസറിപ്പോർട്ടിൽ സാങ്കല്പിക ഭാഗങ്ങൾ ചേർത്ത് രസക്കൊഴുപ്പ് കൂട്ടരുത്. അഥവാ യഥാർത്ഥ ഭാവം മറച്ചുവെയ്ക്കരുത്. ആത്മീയ ഫലങ്ങൾ-സംബന്ധമായി അത്തരം വാക്കുകൾ ഖലീഫത്തുല്ലാഹ്‌യിൽ പുകമറ സൃഷ്ടിക്കും-എല്ലാ കാര്യങ്ങളും നല്ല നിലയിൽ പോകുന്നു എന്ന് വിശ്വസിക്കുന്നതിലേക്കായിരിക്കും അത്തരം റിപ്പോർട്ടുകൾ നയിക്കുക. ആത്മീയ രംഗത്ത് വളരെ മുന്നേറ്റം നടത്തിയിരിക്കുന്നു എന്നും, ദഅ്വത്തുല്ലാഹ് വളരെ വലിയ പുരോഗതി ഉണ്ടായിരിക്കുന്നു എന്നും ധരിച്ചുവശാകും. എന്നാൽ യഥാർത്ഥത്തിൽ അത്തരം ഒരു പുരോഗതിയും ഉണ്ടായിട്ടില്ല എന്നതായിരിക്കും യഥാർത്ഥ വസ്തുത. ഇത്തരം കാര്യങ്ങൾ അല്ലാഹുവിന്റെ മുൻപിൽ വളരെ ഗൗരവാവഹം തന്നെ.

അല്ലാഹുവിന്റെ പാതയിൽ നിങ്ങൾ വളരെയധികം പ്രയത്നങ്ങൾ ചെയ്യുക. അല്ലാഹുവിൽ നിന്നുള്ള ഗോൾഡ് മെഡൽ നേടുന്നതിനായി! അതു നിങ്ങൾ എപ്പോഴും നിങ്ങളുടെ മനസ്സിൽ സൂക്ഷിക്കുക. ഇൻഡ്യൻഓഷിയൻ ഐലന്റ് ഗയിംസ് ഇപ്പോൾ അവസാനിച്ചതേയുള്ളു. മൗറിഷ്യസ് 40 വർഷങ്ങൾക്ക് ശേഷം, ഇത് ആദ്യമായി വളരെ വലിയ വിജയം കരസ്ഥമാക്കിയിരിക്കുന്നു. ഏറ്റവും കൂടുതൽ സ്വർണ്ണമെഡൽ കരസ്ഥമാക്കിയിരിക്കുന്നു. 92 എണ്ണം ആകെ 224 മെഡലുകൾ കരസ്ഥമാക്കിയിരിക്കുന്നു. (സ്വർണ്ണം, വെള്ളി, വെങ്കലം) ഇതൊരു ഭൗതിക മത്സരമാകുന്നു. മൗറിഷ്യക്കാർ എന്ന നിലയിൽ ഈ നേട്ടത്തിൽ നാമോരോരുത്തരും അഭിമാനമുള്ളവർ തന്നെയാണ്.

ഒരു ടീം, ഒരു രാജ്യം എന്നനിലയിൽ നാം ചിന്തിക്കുമ്പോൾ നമക്കൊരുപാട് കാര്യങ്ങൾ ചെയ്യുവാൻ സാധിക്കും. ഈ ഐക്യം നാം തീർച്ചയായും കാത്തുസൂക്ഷിക്കേണ്ടതാണ്. അത് ഐഹിക രംഗങ്ങളിലും അതുപോലെ ആത്മീയരംഗങ്ങളിലും! ഇവിടെ നാം മൗറിഷ്യസിൽ, നാം എല്ലാവരും മൗറിഷ്യസ് ക്കാരാണ്. ഗയിം വേളയിൽ നാം ഈ മൗറിഷ്യൻ താത്പര്യം പ്രകടമാക്കിയവരുമാണ്. എന്നാൽ ഇപ്പോൾ ഇതാ ഗയിം കഴിഞ്ഞിരിക്കുന്നു. നമ്മുടെ രാജ്യത്തുള്ള എല്ലാ പൗരന്മാരോടും, ഗയിമിൽ കാണിച്ച ഐക്യത്തിന്റെ പാത നാം സ്വീകരിക്കേണ്ടതു തന്നെയാണ്.

ഈ ലോകവേദിയിൽ, കായികഭ്യാസികൾ വളരെയധികം പ്രയത്നങ്ങൾ ചെയ്യുന്നവരാണ്, ഗോൾഡ് മെഡൽ നേടുന്നതിനായി! എന്നാൽ ആത്മീയ രംഗത്ത് എന്ത് പ്രയത്നമാണ് അവർ ഇതിനായി ചെയ്യുന്നത്? ഗാഢമായി ചിന്തിക്കുക. അല്ലെയോ ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങളെ! അല്ലാഹു(ത) നിങ്ങളെ കാണിച്ചുകൊണ്ടിരിക്കുന്നു. അതായത് പ്രസ്തുത സ്വർണ്ണചരട് ഇതാ ഖലീഫത്തുല്ലാഹ്‌യുടെ കയ്യിൽ ദൈവീക പാതയിലെ ആത്മീയ വിഹായസ്സിൽ ഈ സ്വർണ്ണപതക്കത്തിന് അർഹർ ആരാണ്? ആത്മീയ മണ്ഡലത്തിൽ നിങ്ങൾ ശോഭിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾ ആത്മാർത്ഥതയോടെ വളരെയധികം അധ്വാനിക്കേണ്ടതായി വരും. ചുറുചുറുക്കോടെ! പൊങ്ങച്ചം കാണിക്കാതെ! നിങ്ങൾ നിങ്ങളുടെ എനമുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുവാൻ മുന്നോട്ടുവരുക. നല്ല നിലയിൽ തയ്യാറാക്കിയ റിപ്പോർട്ടുകൾ! വിജയശ്രീലാളിതമായ റിപ്പോർട്ടുകൾ! കള്ളത്തിൽ പൊതിഞ്ഞ റിപ്പോർട്ടുകളാകരുത്! കള്ളത്തിന്റെ ഒരംശവും അതിലുണ്ടാകരുത്. അതുകൊണ്ട്. അല്ലയോ ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങളെ! നിങ്ങൾ മുൻപ് പ്രവർത്തിച്ച, ഇത്തരം ആളുകളിൽ അകപ്പെട്ടുപോകരുത്. ഞാൻ 1999ൽ ഇംഗ്ലണ്ടിൽ (അഹ്മദിയ്യാ ജമാഅത്തിന്റെ വാർഷിക സമ്മേളനത്തിൽ പങ്കെടുക്കുവാനായി പോവുകയുണ്ടായി. ഖലീഫത്തുൽ മസീഹ് 4-ാമന്റെ കാലത്ത്! അദ്ദേഹത്തിന്റെ ഓഫീസിൽ നേരിട്ട് പ്രവർത്തിച്ചിരുന്ന ഓഫീസർമാരുമായി എനിക്ക് വളരെയധികം സമയം ചെലവഴിക്കേണ്ടതായി വന്നു. അനേകം റിപ്പോർട്ടുകൾ വരുന്നതായി ഞാൻ കാണുകയുണ്ടായി. അത് അവർ ക്രമീകരിച്ച് ഖലീഫത്തുൽ മസീഹിന്റെ മുൻപാകെ സമർപ്പിക്കുവാനായി തയ്യാറാക്കുന്നു. ഏതൊക്കെ റിപ്പോർട്ടുകൾ ഖലീഫത്തുൽ മസീഹിന്റെ മുൻപാകെ വെയ്ക്കണം എന്നവർ തീരുമാനിക്കുന്നു. അഹ്മദിയ്യാ ജമാഅത്തിലേക്കും, ഖലീഫയിലേക്കും ജനങ്ങളെ ക്ഷണിച്ച് വിജയിച്ച മിഷണറിമാരുടെ റിപ്പോർട്ടുകൾ, ഖലീഫയെ തൃപ്തിപ്പെടുത്തുവാനായി, അവർ തയ്യാറാക്കി സമർപ്പിക്കുന്നു. എന്നാൽ സമാനകളില്ലാത്ത അല്ലാഹുവിലേക്ക് മാത്രം ക്ഷണിച്ച റിപ്പോർട്ടുകൾ, ദഅ്‌വത്തുല്ലാഹ്‌യ്ക്ക് വളരെയധികം സ്ഥാനം നല്കിയ റിപ്പോർട്ടുകൾ, പ്രസ്തുത സത്യമായ റിപ്പോർട്ടുകൾ, അല്ലാഹുവിന്റെ വഴിയി

ലുള്ള ഈ പോരാട്ടം, അവഗണിക്കപ്പെടുന്നു. ഖലീഫയ്ക്കുള്ള സ്തുതി പാഠക റിപ്പോർട്ടുകൾക്ക് മുൻഗണന നല്കപ്പെടുകയുണ്ടായി. ആയതിനാൽ ഇത്തരം നടപടികളെ ഞാൻ അപലപിക്കുകയാണ്. ഇത്തരം നടപടികളിൽ നിങ്ങൾ തികഞ്ഞ ജാഗ്രതയുള്ളവരായിരിക്കണമെന്ന് ഞാൻ ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങളെ ഓർമ്മപ്പെടുത്തുകയാണ്.

ആയതിനാൽ നിങ്ങൾ നിങ്ങളുടെ തോട്ടത്തെ സംരക്ഷിക്കുക. അല്ലാഹു(ത)യുടെ തൃപ്തയ്ക്കായി മാത്രം നിങ്ങൾ അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കുക. അങ്ങനെയായാൽ അല്ലാഹു(ത) നിങ്ങളിൽ സന്തുഷ്ടനാകും. നിങ്ങൾ ഒരു ഭൂമിയിൽ വേണ്ട വിധം കൃഷി ചെയ്താൽ, സസ്യവിത്തുകൾ നിക്ഷേപിച്ചാൽ, ഏകദേശം ഒരു വർഷത്തിന് ശേഷം, നിങ്ങളുടെ അധ്വാനത്തിന്റെ ഫലങ്ങൾ നിങ്ങൾക്ക് കൊയ്തെടുക്കാവുന്നതാണ്.

എന്നാൽ, സമയം പാഴാക്കിയാൽ, കള്ളന്മാർ കടന്നുവരാം (ഫലങ്ങൾ മോഷ്ടിക്കാം, ധാന്യങ്ങൾ നശിപ്പിക്കാം) കീഡാക്രമണത്താൽ തോട്ടവിളകൾ രോഗബാധിതമാകാം, വരൾച്ച പിടിപെടാം, മറ്റിതര വിപത്തുകളാലും, നാശം സംഭവിക്കാം, ആയതിനാൽ നിങ്ങളതിന് ജലസേചനം നടത്തണം, അതിനെ വേണ്ടവിധം സംരക്ഷിക്കണം, നിങ്ങളുടെ അധ്വാനത്തിന്റെ പ്രതിഫലം ലഭിക്കുന്നതിനായി നിങ്ങൾ വളരെയധികം അധ്വാനം ചെയ്യേണ്ടതായിട്ടുണ്ട്. ഒരു കുട്ടിയെ സംബന്ധിച്ചിടത്തോളം, നിങ്ങൾ എത്രമാത്രം ശ്രദ്ധ അവന് നല്കേണ്ടതായി വരും. നിങ്ങളുടെ ചെടികളെ സംബന്ധിച്ചും അപ്രകാരം ശ്രദ്ധ വേണ്ടിവരും. (അല്ലാഹുവിന്റെ വഴിയിൽ അതിനേക്കാൾ ശ്രദ്ധ വേണ്ടിവരും) ഇത്തരം ബൗദ്ധികതയുടെ അടിസ്ഥാനത്തിലാണ് ദഅ്വത്തുല്ലാഹ്യും! അത് നിങ്ങൾ ഇപ്പോൾ വിശദീകരിക്കേണ്ടിവരും. അതുപോലെ ഭാവിയിലും വിശദീകരിക്കേണ്ടി വരും. ഇൻശാ അല്ലാഹ്) അങ്ങനെ, നിങ്ങൾക്ക് ഈ അധ്വാനങ്ങളുടെയെല്ലാം പ്രതിഫലം (നിങ്ങൾക്ക്) ലഭിക്കുക തന്നെ ചെയ്യും. നിങ്ങൾ നല്ല ഒരു ദാഈ ഇലല്ലാഹ് ആയാൽ നിങ്ങൾ സംതൃപ്തനായി തീരും. ആദരണീയനായി തീരും. എന്നാൽ നിങ്ങൾ സന്തോഷിക്കുകയാണെങ്കിൽ, ഈ സത്വാർത്ത നിങ്ങൾ സ്വീകരിക്കുകയാണെങ്കിൽ, ഈ സത്വാർത്ത നിങ്ങൾ സ്വീകരിക്കുകയാണെങ്കിൽ, ഈ വാർത്ത നിങ്ങളും ഭവനത്തിലേക്ക് കൊണ്ട്പോവുകയാണെങ്കിൽ, വീണ്ടും അവയുമായി യാതൊരു

ബന്ധവും ഇല്ലാതിരിക്കുകയാണെങ്കിൽ, നിങ്ങളതിനെ രണ്ടാമതോ മൂന്നാമതോ, നാലാമതോ, അഞ്ചാമതോ അവയെ കണ്ടെത്തുകയില്ല. ഇവയുടെ ഫലങ്ങളിൽ നിന്നും നിങ്ങൾ വിദൂരത്താവുകയും ചെയ്യും. കാരണം വളരെ നാളായി കാത്തിരുന്ന ദഅ്വത്തുല്ലാഹ് യുടെ സ്വാധീനം, നിങ്ങളിലൂടെ പ്രകടമായില്ല, പ്രത്യക്ഷമായില്ല, പ്രസ്തുത ഫലങ്ങൾ നിങ്ങളുടെ സഞ്ചികളിൽ ഇതുവരെയും ഇടം പിടിച്ചില്ല. നിങ്ങൾ ഇതിനെ ചേർത്തു നിർത്തി, തുടർച്ചയായി മുന്നോട്ടു കൊണ്ട് പോകേണ്ടതുണ്ട്. നിങ്ങൾ ഇതിനെ സൂക്ഷിച്ചില്ലെങ്കിൽ, നിങ്ങളുടെ എല്ലാ അധ്വാനങ്ങളും പാഴായി പോകുന്നതാണ്.

നിങ്ങളുടെ തോട്ടത്തിന് നിങ്ങൾ ജലസേചനം ചെയ്തില്ലെങ്കിൽ, അത് നിങ്ങൾക്ക് ഒന്നും തന്നെ ഉല്പാദിപ്പിച്ചു തരില്ല. പ്രസ്തുത ജലം രണ്ടു തരത്തിലുണ്ട്. ഒന്നാമതായി അത് അറിവിന്റെ ജലമാണ്. അത് നിങ്ങൾ ലോകത്തിൽ വിതരണം ചെയ്യുക. അത് വളരെ അത്യാവശ്യമാകുന്നു. എന്നാൽ യഥാർത്ഥ ജലം അത് ഒഴിച്ചു കൂടാൻ പാടില്ലാത്തതുമാകുന്നു. അത് ആകാശത്തു നിന്നും വരേണ്ടതാണ്. (അല്ലാഹുവിൽ നിന്ന്) അതിലൂടെയാണ് നിങ്ങളുടെ പ്രയത്നത്തിന്റെ യഥാർത്ഥ ഫലം ഉല്പാദിപ്പിക്കപ്പെടുന്നത്. ഈ ജലം നിങ്ങളുടെ കണ്ണുനീരാകുന്നു. അത് ആകാശത്തു നിന്നുള്ള ജലമായി മാറുന്നു. അറിവിന്റെ പേമാരി മാത്രമാണ്. നിങ്ങളുടെ വയലുകൾക്ക് നിങ്ങൾ നല്കുന്നതെങ്കിൽ, എന്നിട്ട് അവിടെ കൃഷി ചെയ്യുവാൻ ഉദ്ദേശിക്കുകയാണെങ്കിൽ, നിങ്ങൾ വലിയ പ്രതീക്ഷ വെയ്ക്കേണ്ട, അവിടെ നിന്ന് വളരെ വലിയ ഉല്പന്നങ്ങൾ, വിളയിച്ചെടുക്കാമെന്ന്! അതുകൊണ്ട് നിങ്ങൾ ദുആയിലേക്ക് തിരിയുക. അല്ലാഹുവിന്റെ സഹായം തേടുക. അവനെ അവലംബമാക്കുക. വിശ്വാസികളുടെ കണ്ണുനീരിന്റെ ഫലമായി -അവരുടെ പ്രാർത്ഥനകളുടെ ഫലമായി - എല്ലാ വിധ ഫലങ്ങളും മഹത്തായ അനുഗ്രഹങ്ങളും അവകൊണ്ടു വരുന്നതാണ്. ഇൻശാ അല്ലാഹ്!

## Good Advice: സദുപദേശം

നല്ല ഉപദേശത്തിന്റെ ഒരു വശം, അതിൽ യഥാർത്ഥമായി ഒരുപദേശമുണ്ടായിരിക്കും. അത്തരം ഉപദേശം അത് സംശുദ്ധമായിരിക്കും, തെളിഞ്ഞതുമായിരിക്കും, അത് അവരിൽ ഒരളവോളം പ്രതിരോധമെന്ന നിലയിൽ, സംരക്ഷിക്കപ്പെടുകയും ചെയ്യുന്നതാണ്. അഭിപ്രായ വ്യത്യാസങ്ങൾക്ക് അതിൽ

യാതൊരു ബന്ധവുമുണ്ടാകില്ല. ശാഖകൾ തമ്മിൽ യാതൊരു വ്യത്യാസവുമില്ലാത്ത അത്തരം സന്ദർഭങ്ങളും ഉണ്ടാകുന്നതാണ്. ഈ ഉപദേശങ്ങൾ ഹൃദയത്തിൽ നിന്നും നേരിട്ട് വരുന്നതാണ്. ഹൃദയത്തിൽ അതിന് നേരിട്ട് ഒരു സ്വാധീനം ഉണ്ടായിരിക്കും. ദഅ്വത്തുല്ലായ്ക്കുള്ള തെളിവുകൾ അതിനുശേഷം വരുന്നതാണ്.

ഈ സന്ദർഭത്തിൽ ഖലീഫത്തുല്ലാഹ് പ്രസംഗാരംഭത്തിൽ എല്ലാ മുസ്ലിംകൾക്കും ഹൃദയപൂർവ്വം നന്ദി പ്രകാശിപ്പിക്കുകയുണ്ടായി. പല ജമാഅത്തുകളിലെയും അംഗങ്ങൾ അവിടെ ഉണ്ടായിരുന്നു. (സഹീഹിൽ ഇസ്ലാം, സുന്നി, അഹ്മദി, ഷിയാ, വഹ്ഹാബി, തബ്ലീഗ് ജമാഅത്ത് തുടങ്ങിയ പലതും. ഇന്നലെ നമ്മുടെ ഒരു സഹോദരിയുടെ മയ്യിത്ത് സംസ്കാര ചടങ്ങിൽ പങ്കെടുക്കുവാൻ പോർട്ട് ലൂയിസിൽ എത്തിയവരായിരുന്നു അവർ (2019 ആഗസ്റ്റ്।) ഈ സഹോദരി, ഖലീഫത്തുല്ലാഹ് ജമാഅത്ത് അഹ്മദിയ്യായിൽ ജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾ, ബൈഅത്ത് ഫോം അവർക്ക് നല്കിയത് അദ്ദേഹമായിരുന്നു. അങ്ങനെയാണ് അവർ അഹ്മദിയ്യ ജമാഅത്തിൽ പ്രവേശിച്ചതും ബൈഅത്ത് ചെയ്തതും. ഈ സഹോദരി വളരെയധികം പ്രയാസങ്ങൾ അനുഭവിക്കേണ്ടി വന്നവരാണ്. ഒരു പാരുഷ്യവും കൂടാതെ ഖലീഫത്തുല്ലാഹ് പറഞ്ഞു, അദ്ദേഹവും അദ്ദേഹത്തിന്റെ കുടുംബം ആവും വിധം അവരെ സഹായിക്കുകയുണ്ടായി. ഹൃദയത്തിൽ ഉള്ളത് അറിയുവാൻ അല്ലാഹുവാണ്, ഇന്നിതാ, അവൻ വഴി തുറന്നിരിക്കുന്നു, ആയതിനാൽ അവരുടെ മയ്യിത്ത് നമസ്കാരത്തിന് നേതൃത്വം കൊടുക്കുവാനുള്ള അവസരം ഇതാ അദ്ദേഹത്തിന് നല്കിയിരിക്കുന്നു.

അദ്ദേഹം പറഞ്ഞു ഇതും ഒരു രീതിയിലുള്ള ഒരു ദഅ്വ ആകുന്നു. നമ്മുടെ നല്ല പെരുമാറ്റ രീതിയിലൂടെ! നാം ജനങ്ങളെ അഭിസംബോധന ചെയ്യുന്നതിലൂടെ! മുസ്ലിം സഹോദരീ സഹോദരന്മാരിൽ നിന്നുമുണ്ടായ ഈ ഹാർദ്ദമായ സ്വാഗതത്തെ അദ്ദേഹം പ്രശംസിക്കുകയുണ്ടായി, എന്നിട്ടു പറയുകയുണ്ടായി മുസ്ലിംകൾ ഇങ്ങനെയാണ് കഴിയേണ്ടത്, ഐക്യത്തിലാണ് കഴിയേണ്ടത്, എല്ലാ അഭിപ്രായവ്യത്യാസങ്ങളും തർക്കങ്ങളും മാറ്റിവെയ്ക്കേണ്ടതാണ്. നാമെല്ലാവരും മുസ്ലിംകൾ ആകുന്നു. ഈ ദൗർഭാഗ്യദശയിൽ, അല്ലാഹു(ത)

ഒരനുഗ്രഹം പ്രകടമാക്കിയിരിക്കുന്നു. അവരതാ അല്ലാഹുവിന്റെ ഒരു പ്രതിനിധിയുടെ പിന്നിൽ പ്രാർത്ഥനാനിരതരായിരിക്കുന്നു. അൽഹംദുലില്ലാഹ്!)

ഇക്കാരണത്താലാണ്, വിശുദ്ധ ഖുർആൻ പറയുന്നത്, പ്രബോധന രംഗത്ത് നിങ്ങൾ, ചർച്ചയ്ക്ക് ധൃതികൂട്ടരുത്, വളരെയധികം ബുദ്ധി ഉപയോഗിച്ചായിരിക്കണം നിങ്ങളുടെ ദഅ്വ വിഷയം അവതരിപ്പിക്കേണ്ടത്. ഈ ബുദ്ധി ആരംഭിക്കേണ്ടത് നല്ല ഉപദേശത്തിലൂടെയാണ്. പ്രസ്തുത ഉപദേശം ജനങ്ങൾക്കുള്ള പരിമള ലേപനൗഷധമാണ്. അവരിയണം നിങ്ങളും അവർക്കു വേണ്ടി ക്ലേശമനുഭവിക്കുന്നുവെന്ന്. അവരുടെ ക്ലേശം നിങ്ങളും അനുഭവിച്ചറിയുന്നു. നിങ്ങൾ സത്യവാന്മാർ ആണ് എന്ന് അവരറിയണം (നിങ്ങളുടെ ദഅ്വ സത്യമാണ് എന്നറിയണം) അപ്പോൾ അവരും മനസ്സിലാക്കും, നിങ്ങൾ ഈ ജോലി ചെയ്യുന്നത് നിങ്ങളുടെ വ്യക്തിപരമായ താത്പര്യം കൊണ്ടല്ല, മറിച്ച്, നിങ്ങൾ, അവരോട് നിഷ്ക്കളങ്കമായ നിലയിലുള്ള താത്പര്യം കൊണ്ടാണ് ഇത് പറയുന്നതെന്ന്. അവരുടെ ശാരീരികവും, ധാർമ്മികവും, ആത്മീയവുമായ നല്ലതിനുവേണ്ടിയാണ് നിങ്ങൾ ഇത് ചെയ്യുന്നത് എന്ന തിരിച്ചറിവ് അവർക്കുണ്ടാകണം.

## DO THE DAWAT-ALLAH LIKE HOLY PROPHET MUHAMMAED (PRUA)

## നമ്മുടെ പ്രിയപ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) ദഅ്വത്ത് ചെയ്തതുപോലെ നിങ്ങളും ചെയ്യുക

തന്റെ എതിരാളികളെപറ്റി അദ്ദേഹം പറയുമായിരുന്നു. അവരുടെ ഹൃദയങ്ങൾ ദുഃഖഭാരത്താൽ തകർന്നുപോയിരിക്കുന്നു. അറിവിന്റെ അഭാവം കൊണ്ടാണ് അല്ലാഹുവിന്റെ സന്ദേശങ്ങളെ അവർ തടസ്സപ്പെടുത്തുന്നത്

നമ്മുടെ പ്രീയ പ്രവാചകൻ മുഹമ്മദ് മുസ്തഫ (സ)ക്ക് തന്റെ ശത്രുക്കളുടെ എതിർപ്പുകൾ ഉണ്ടായിട്ടും അദ്ദേഹം കോപിച്ചിരുന്നില്ല എന്ന് നമുക്ക് സംശയലേശമന്യേ പറയുവാൻ കഴിയും. തന്റെ കണ്ണുകളിൽ നിന്ന് സ്നേഹകണ്ണീരാണ് ഉതിർന്നുവീണത്. (അദ്ദേഹത്തിന്റെ കണ്ണുനീർ സ്നേഹം കൊണ്ടു നിറഞ്ഞതായിരുന്നു) പ്രസ്തുത കണ്ണുനീർ അവർക്കനുകൂലമായിരുന്നു. അദ്ദേഹം അവർക്കുവേണ്ടി പ്രാർത്ഥിപ്പോൾ, അദ്ദേഹത്തിന്റെ കണ്ണുനീർ പ്രവഹിച്ചു. ഇത്തരം ദഅ്വത്തുല്ലാഹ് യാണ് നാം ചെയ്യേണ്ടത്. ഈ ഗുണം നാം ദത്തെടുക്കുകയാ

ണെങ്കിൽ, അല്ലാഹു(ത)യുടെ വാഗ്ദാനം, നമ്മുടെ മേൽ നിർബന്ധമായും പൂർത്തീകരിക്കുന്നതാണ്, ഇൻശാ അല്ലാഹ് നിഷ്കളങ്കരായവരെ അല്ലാഹു(ത) സമീപിക്കുന്നതാണ്, സത്യാന്വേഷകരെ അവൻ സമീപിക്കുന്നതാണ്, നമ്മെ എല്ലാം, കുറ്റവാളികളിൽ നിന്നും രക്ഷിക്കുന്നതാണ്. ഇൻശാ അല്ലാഹ്!

## GOOD BEHAVIOUR IS A GOOD WAY TO DO THE DAWAT-I-ALLAH.

## ദഅ്വത്തുല്ലാഹ് ചെയ്യുവാനുള്ള നല്ലവഴി നല്ല പെരുമാറ്റമാകുന്നു.

ദഅ്വത്തുല്ലാഹ് രംഗത്ത് അനുകൂലമായ ഫലമുണ്ടാകുന്നതിന് നല്ലപെരുമാറ്റം അനിവാര്യമാണ്. നിങ്ങളുടെ ഹൃദയത്തിൽ എത്ര കണ്ട ആർദ്രതയുണ്ടോ, നിങ്ങൾ മനുഷ്യരുടെ കാര്യത്തിൽ എത്രകണ്ട് ദുഃഖം അനുഭവിക്കുന്നുവോ, അത്ര കണ്ട് നിങ്ങൾ സത്യത്തിൽ സ്ഥിരത കൈക്കൊള്ളുക. നിങ്ങൾ ദൈവഭയം ഉള്ളവരായി തീരുക. ഇവയോടൊപ്പം, നല്ല പെരുമാറ്റവും ആർജ്ജിക്കുക, അപ്പോൾ നിങ്ങളുടെ ദഅ്വത്തുല്ലാഹ് ശുദ്ധീകരിക്കപ്പെടും. അതോടൊപ്പം ഏറ്റവും നല്ല ഫലങ്ങളും ഉണ്ടാകുന്നതാണ്.

അല്ലാഹു(ത) നിങ്ങളെ സഹായിക്കട്ടെ, നമ്മെ എല്ലാവരെയും സഹായിക്കട്ടെ! ദഅ്വത്തുല്ലാഹ്‌യുടെ ഏറ്റവും നല്ല മുഖഭാവം പ്രകടിപ്പിക്കുവാൻ അവൻ തുണക്കട്ടെ! ഈ വഴിയിൽ, അതിലൂടെ നമുക്ക് വിജയം പ്രദാനം ചെയ്യട്ടെ! അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അതിമഹത്തരമായ ഈ ഗുണങ്ങൾ വികസിപ്പിച്ചെടുക്കട്ടെ.

ദുആയിലൂടെ ലോകത്തെ, ഏകദൈവ വിശ്വാസത്തിലേക്ക്, നയിക്കുവാൻ, ഏകദൈവത്തെ ആരാധിക്കുവാൻ, അതേ അല്ലാഹുവിനെ ആരാധിക്കുവാൻ, അവൻ നമ്മെ സഹായിക്കട്ടെ! ഇൻശാ അല്ലാഹ് ! ആമീൻ.



*Translated & Issued By :*
*Mukarram R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*